## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4728 — 27.06.2014 ലെ മറുപടിക്ക്

**നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ കെട്ടിടനിർമ്മാണത്തിന് നൽകിയ അനുമതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ജമീലാ പ്രകാശം : | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഇ 1/ബി.എൽ.ഡബ്ല്യു/305/13-14 നമ്പർ ഉത്തരവുപ്രകാരം ഒരു കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത സിവിൽ സ്റ്റേഷൻ ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള വിദ്യാഭ്യാസ വകുപ്പിന്റെ എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ ; | (ബി) & (സി) നെയ്യാറ്റിൻകര മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ഉൾപ്പെടുന്ന 15.72m² സ്ഥലത്ത്, നീതി മെഡിക്കൽ സ്റ്റോർ പ്രവർത്തിക്കുന്നതിന് ജില്ലാ കളക്ടർ നൽകിയ അനുമതിയുടെ അടിസ്ഥാനത്തിലാണ് നെയ്യാറ്റിൻകര ഗവൺമെന്റ് സർവെന്റ്സ് സഹകരണ സംഘത്തിന് (T-280) കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്. |
| (സി) ഇല്ലെങ്കിൽ എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്ത മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള കെട്ടിടനിർമ്മാണത്തിനുള്ള അനുമതി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4729

27.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാതൃകയിലുള്ള) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി 53 നഗരസഭകളിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എത്ര രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ബി) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെയായി 8,86,99,953/- രൂപ നഗരസഭകൾ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ